നിലത്തെഴുത്ത് ആശാൻമാർക്ക് ഗ്രാൻറ്

* 285. [307] ശ്രീ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലത്തെഴുത്താശാൻമാർക്ക് പഞ്ചായത്തിൽ നിന്നും ഗ്രാൻറു കൊടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എത്ര ആശാൻ പള്ളിക്കൂടങ്ങൾക്ക് 28-10-1986 വരെ എത്ര രൂപ ഗ്രാൻറ് കൊടുത്തു എന്ന് വ്യക്തമാക്കാമോ ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) 7-3-1986-ലെ ജി. ഒ. (ആർ. ടി.) 832/86/എൽ.എ. ഡി. ഉത്തരവു പ്രകാരം കൊല്ലം, ആലപ്പുഴ, കോട്ടയം, എന്നീ ജില്ലകളിൽ അംഗീകൃത നിലത്തെഴുത്താശാൻമാർ നടത്തിവരുന്ന ആശാൻപള്ളിക്കൂടങ്ങൾക്ക് 1,200 രൂപയിൽ കവിയാത്ത വാർഷിക ഗ്രാൻറ് നൽകാൻ പഞ്ചായത്തുകൾക്ക് പെർമിസീവ് സാങ്ഷൻ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. എ. വി. താമരാക്ഷൻ : പഞ്ചായത്തുകളിലുള്ള എഴുത്താശാൻ പള്ളിക്കൂടങ്ങൾക്ക് 1,200 രൂപ ഗ്രാൻറ് കൊടുക്കണമെന്ന് ഓർഡർ ഇറക്കിയിട്ടുണ്ടെങ്കിലും ഇതുവരെയും ഒറ്റ സ്കൂളിനുപോലും ഗ്രാൻറ് കിട്ടിയിട്ടില്ല എന്നതിൻെറ കാരണം വ്യക്തമാക്കാമോ ?

ശ്രീ.സി. എം. സുന്ദരം : പഞ്ചായത്തുകൾക്ക് കൊടുക്കാൻ വേണ്ടിയിട്ട് പെർമിസീവ് സാങ്ഷൻ കൊടുത്തിട്ടുണ്ട്. അത് അംഗീകൃത പള്ളിക്കൂടങ്ങൾക്കാണ് പറഞ്ഞിട്ടുള്ളത്. അത് കൊടുക്കാതിരിക്കുന്നുണ്ടെങ്കിൽ പഞ്ചായത്തുകൾ എന്തുകൊണ്ട് കൊടുത്തില്ല എന്നുള്ളത് അന്വേഷിക്കാം.

ശ്രീ. എ. വി. താമരാക്ഷൻ : പഞ്ചായത്തുകൾക്ക് ഗ്രാൻറ് കൊടുക്കുന്നതിനുവേണ്ടി ആവശ്യമായ പണം കൊടുക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. സി. എം. സുന്ദരം : പെർമിസീവ് സാങ്ഷൻ എന്നു പറഞ്ഞ് കഴിഞ്ഞാൽ പണത്തിൻെറ പ്രശ്നം ഉത്ഭവിക്കുന്നില്ല. പഞ്ചായത്തുകൾക്ക് ആവശ്യമാണെങ്കിൽ അത് കൊടുക്കുന്നതാണ്.

ഡയറിഫോമുകളിലെ സ്ഥിരം തൊഴിലാളികളുടെ വേതനം

* 286. [308] ശ്രീ. കെ. ടി. കുമാരൻ :

,, എം. കെ. കേശവൻ :

,, പി. കുമാരൻ :

,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡയറിഫോമുകളിലെ സ്ഥിരം തൊഴിലാളികളുടെ വേതനം ശമ്പളകമ്മീഷൻ ശുപാർശകളനുസരിച്ച് നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, എന്തെല്ലാം ആനുകൂല്യങ്ങൾ ഇതിനകം നൽകി ;

(സി) ഇല്ലെങ്കിൽ, അടിയന്തിരമായി ശമ്പളപരിഷ്കാരം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly